## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1061

02.12.2015-ലെ മറുപടിയ്ക്ക്

## വെള്ളാർ കരകൗശലഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) കോവളത്തെ വെള്ളാർ കരകൗശലഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായത് എപ്പോഴാണ് ; | (എ) ഒന്നാം ഘട്ടം 2011 ഫെബ്രുവരി മാസം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കായി ടൂറിസം വകുപ്പ് ഭൂമി ഏറ്റെടുത്തത് എപ്പോഴായിരുന്നു; കരകൗശല ഗ്രാമം പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭിച്ചത് ഏത് വർഷത്തിലായിരുന്നു; പദ്ധതി നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിൽ, ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ട്; | (ബി) 20.02.2008-ൽ ആയിരുന്നു ടൂറിസം വകുപ്പ് ഭൂമി ഏറ്റെടുത്തത്. 2004-ൽ ആയിരുന്നു പദ്ധതിക്ക് കേന്ദ്രസഹായം അനുവദിച്ചത്. 2005-2006-ൽ 2,00,00,000/- (രണ്ട് കോടി) രൂപയും 2010-11-ൽ 1,60,00,000/- (ഒരു കോടി അറുപത് ലക്ഷം) രൂപയും 2011-12ൽ 4,90,00,000/- (നാല് കോടി തൊണ്ണൂറ് ലക്ഷം) രൂപയും 2012-13-ൽ 4,70,00,000/- (നാല് കോടി എഴുപത് ലക്ഷം) രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇൻസ്പെക്ഷൻ നടത്തി ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്ത് കിട്ടാൻ താമസം നേരിടുന്നുണ്ട്. കൂടാതെ വളരെ ഉയർന്നപ്രദേശമായതിനാൽ പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കാൻ ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് ക്രാഫ്റ്റ് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കുടുംബശ്രീ യൂണിറ്റ് ക്രാഫ്റ്റ് വില്ലേജിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കരകൗശല ഗ്രാമത്തിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (ഡി) | ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് നേരിട്ട് നടത്തുവാനാണോ ഉദ്ദേശിക്കുന്നത്, എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്നും അതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ ? | (ഇ) | ഇക്കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ